




അന്തിയുറങ്ങുന്ന ഭൂമി സ്വാകാര്യ ഭൂമാഫിയയ്ക്ക് അടിയറ വയ്ക്കാൻ തയ്യാറാകാതിരുന്ന കിനാലൂർ ജനത ഇടതുപക്ഷ സർക്കാറിന്റെ പുത്തൻ വികസന സിദ്ധാന്തങ്ങളെ സാധാരണക്കാരന്റെ ജീവിത യാഥാർത്ഥ്യങ്ങൾ കൊണ്ട് ചെറുത്ത് തോൽപ്പിക്കുകയായിരുന്നു. ജനങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം മുട്ടിയപ്പോൾ പൊലീസ് ഭീകരത എന്ന ഭരണകൂടത്തിന്റെ പതിവ് മറുപടി കിനാലൂരിലും ആവർത്തിക്കപ്പെട്ടു. എന്നിട്ടും കൃഷിയിടവും കിടപ്പാടവും സംരക്ഷിക്കാൻ കിനാലൂർ ജനത ഇപ്പോഴും ഒറ്റക്കെട്ടായി നിൽക്കുന്നു

## കിനാലൂർ

# വികസനത്തിന്റെ പൊയ്മുഖം വലിച്ചുകീറിയ ചെറുത്തുനിൽപ്പ്

സുരേഷ് നരിക്കുനി

കിനാലൂരിൽ നിന്ന് പുതിയ വാർത്തകളൊന്നുമില്ല, നന്ദിഗ്രാമിന് സമാനമായിരുന്ന കിനാലൂരിന്റെ അകക്കനൽ കെട്ടിട്ടില്ലെങ്കിലും പുറത്തിപ്പോൾ ഒരുതരം മരവിപ്പാണുള്ളത്. മെയ് 6 ന്റെ സമരത്തിന് ശേഷം മുഖ്യമന്ത്രി വിളിച്ചുകൂട്ടുമെന്ന് പറഞ്ഞ സർവ്വകക്ഷി യോഗം ഇതുവരെ നടന്നിട്ടില്ല. ഇനി ഒരുപക്ഷേ, നടക്കാനുള്ള സാധ്യതയും നാട്ടുകാർ കാണുന്നില്ല.

കോഴിക്കോട് ജില്ലയിലെ പനങ്ങാട് പഞ്ചായത്തിലെ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിലേക്ക് സംസ്ഥാന വ്യവസായ മന്ത്രി എളമരം കരീമിന്റെ മനസ്സിൽ തളിർത്ത നാലുവരി സമർപ്പിത പാതയ്ക്കുവേണ്ടിയുള്ള സർവ്വേ പ്രദേശവാസികൾ സമാധാനപരമായി തടഞ്ഞതും അതിക്രൂരമായ രീതിയിൽ പോലീസ് നേരിട്ടതും കേരളം കണ്ടതാണല്ലോ.

സ്ത്രീകളും പിഞ്ചുകുട്ടികളും വൃദ്ധൻമാരുമടങ്ങുന്ന തദ്ദേശവാസികൾക്കുനേരെ പന്തെറിയുന്ന ലാഘവത്തോടെ ഗ്രനേഡുകൾ വലിച്ചെറിയാനും കണ്ണീർവാതകം പ്രയോഗിക്കാനും തക്ക യാതൊരു പ്രകോപനവും സർവ്വെ തടഞ്ഞവരുടെ ഭാഗത്തുനിന്നുമുണ്ടാവാതെയാണ് പോലീസ് അഴിഞ്ഞാടിയത്. പ്രദേശത്തെ വീടുകൾ അക്രമിക്കാനും, വാഹനങ്ങൾ തല്ലിത്തകർക്കാനുമെല്ലാം മുതിർന്ന പോലീസിനെയാണവിടെ കണ്ടത്. മുഖ്യമന്ത്രിയുടെ ഇടപെടൽ മൂലം സർവ്വെ നിർത്തിവെക്കാനുള്ള ഉത്തരവും പോലീസിനെ പ്രദേശത്തുനിന്ന് പിൻവലിക്കാനുള്ള നിർദ്ദേശവും വന്നില്ലായിരുന്നെങ്കിൽ മറ്റൊരു നന്ദിഗ്രാം തന്നെ നമുക്ക് കാണേണ്ടിവരുമായിരുന്നു.

മുഖ്യമന്ത്രിയും, പ്രതിപക്ഷനേതാവും അടക്കമുള്ള സർവ്വകക്ഷി സംഘം ദേശീയ പാതയുടെ വീതി കുറയ്ക്കാൻ പ്രധാനമന്ത്രിക്ക് നിവേദനം നൽകാൻ പോയതിന്റെ പിറ്റേ ദിവസം തന്നെയാണ് മന്ത്രിയും കൂട്ടരും കിനാലൂരിൽ സർവ്വേ നടത്താനുള്ള ശുഭമുഹൂർത്തമായി കണ്ടത്. ബംഗാൾ മോഡലിൽ സിപി.എം നേരിട്ട് തന്നെ കളത്തിലിറങ്ങി ഭൂമാഫിയകളെയും കൂടെ കൂട്ടി 'കിനാലൂർ വികസന സമിതി' എന്ന ഓമനപ്പേരിൽ സമിതിയുണ്ടാക്കി സർവ്വെ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചു. കോഴിക്കോട് ജില്ലാ കെ.ഡി.സി ബാങ്ക് പ്രസിഡണ്ടും ജില്ലയിലെ സിപി.എമ്മിന്റെ പ്രധാന നേതാവുമായ എം. മെഹബൂബ്, ഏരിയാ ലോക്കൽ സെക്രട്ടറിമാർ, ഡി.വൈ. എഫ്.ഐ നേതാക്കൾ, പന

ങ്ങാട് പഞ്ചായത്ത് ഭരണസമിതിക്കാർ എന്നിവർ കൂട്ടമായി വന്ന് പോലീസ് അഴിഞ്ഞാട്ടത്തിനും സർവ്വേയ്ക്കും കൂട്ടുനിന്നു. നാട്ടുകാരെ വീടുകളിൽ കയറി ഭീഷണിപ്പെടുത്തി സർവ്വേ നടത്താൻ ഇവർ മുതിർന്നു. ഇതിൽ നിന്നെല്ലാം കിനാലൂർ വികസനത്തിന്റെ പിന്നിൽ കോടികളുടെ ഭൂമിക്കച്ചവട കമ്മീഷനും ഒളി അജണ്ടകളുമുണ്ടെന്ന് നാട്ടുകാർ സംശയിക്കുന്നതിൽ തെറ്റില്ല.

**കിനാലൂർ സമര പശ്ചാത്തലം**

കിനാലൂരിൽ സ്ഥിതി ചെയ്തിരുന്ന കൊച്ചിൻ മലബാർ റബ്ബർ എസ്റ്റേറ്റിലെ കെഎസ്ഐഡിസി ഏറ്റെടുത്ത 270 ഏക്കർ സ്ഥലത്ത് സിഐ.ഡി.ബി എന്ന മലേഷ്യൻ കമ്പനി ഒരു ഉപഗ്രഹ നഗരം സ്ഥാപിക്കുമെന്നും അതിൽ ഗോൾഫ് മൈതാനം, മസ്സാജ് സെന്റർ, ഹെൽത്ത് ക്ലബ്ബ്, സ്വിമ്മിംഗ്പൂൾ, നക്ഷത്ര ആശുപത്രി തുടങ്ങി സ്ഥാപനങ്ങൾ ആരംഭിക്കുമെന്നും ആദ്യഘട്ടത്തിൽ മന്ത്രിയും കൂട്ടരും പ്രചരിപ്പിച്ചു. അതിനായി മലേഷ്യൻ മരാമത്ത് വകുപ്പുമന്ത്രി സ്വാമി വേലുവിനെയും സംഘത്തേയും 2007 സെപ്തംബർ 10 ന് കോഴിക്കോട് സ്റ്റാർ ഹോട്ടലിൽ കൊണ്ടുവന്ന് കെഎസ്.ഐഡി.സി തലവൻ പിഎച്ച്. കുര്യൻ എം.ഒ.യു ഒപ്പിട്ടു. കരാർ പ്രകാരം ഉപഗ്രഹനഗരം സ്ഥാപിക്കണമെങ്കിൽ കോഴിക്കോട് നിന്ന് ഏറ്റവും കുറഞ്ഞ ദൂരത്തിൽ നാലുവരി സമർപ്പിത പാതയും അതിൽ മോണോ റെയിലും 30 മീറ്റർ വീതിയിൽ റോഡും കോഴിക്കോട് വിമാനത്താവളത്തിനടുത്ത് 50 ഏക്കർ സ്ഥലവും ഡിമാന്റ് ചെയ്യപ്പെട്ടു. ഇതിനുവേണ്ടി വിൽബർ സ്മിത്ത് എന്ന അമേരിക്കൻ കമ്പനിയെ കൺസൾട്ടൻസിയായി നിശ്ചയിച്ച് റോഡിന്റെ സാധ്യതാ പഠനം അതിവേഗത്തിലാക്കി. ആദ്യം പറഞ്ഞ ഉപഗ്രഹനഗര പദ്ധതി പിന്നീട് മലേഷ്യൻ ഹെൽത്ത് സയൻസ് അക്കാദമിയുടെ എഡ്യൂസിറ്റിയും, മെഡി സിറ്റിയുമായി മാറി. മെഡിക്കൽ കോളേജും നഴ്സിങ്ങ് കോളേജും ഗുളിക ഫാക്ടറിയും ഐടി. കേന്ദ്രവുമൊക്കെ സ്ഥാപിക്കു

> കെ.എസ്.ഐ.ഡി.സിക്ക് കിനാലൂരിലിന്ന് അവശേഷിക്കുന്നത് 150 ഏക്കറിൽ താഴെ ഭൂമി മാത്രമാണ്. ബാക്കിയുള്ള ഭൂമി ചെരിപ്പു നിർമ്മാണക്കാർക്കും ഭക്ഷ്യസംസ്ക്കരണക്കാർക്കും കൊടുത്തതായി പ്രഖ്യാപനം നടന്നുകഴിഞ്ഞു. 150 ഏക്കറിലേക്ക് യു. എ.ഇ ക്കാരൻ വമ്പൻ പ്രോജക്ടുമായി വന്നിട്ടുണ്ടെന്ന പുതിയ കഥയാണ് മലേഷ്യക്കാരന്റെ കഥ മാറ്റി മന്ത്രി ഇപ്പോൾ പറയുന്നത്. ഇതിനുവേണ്ടി കിനാലൂർ എസ്റ്റേറ്റിലെ കർഷകരുടെ കൈവശമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കാൻ പദ്ധതിയായിട്ടുണ്ടെന്നും മന്ത്രി പറയുന്നു. 150 ഏക്രയ്ക്കുവേണ്ടി 600 ൽ അധികം ഏക്കർ നശിപ്പിക്കേണ്ടതുണ്ടോ എന്നു ചോദിച്ചാൽ കരീമും കൂട്ടരും ഇപ്പോൾ പറയുന്നത് കിനാലൂർ എസ്റ്റേറ്റിലെ കർഷകരുടെ കൈവശമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കുമെന്നാണ്.

മെന്ന് മന്ത്രി പ്രസംഗിച്ചു നടന്നു.

റോഡിന്റെ സാധ്യതാ പഠന റിപ്പോർട്ടും എം.ഒ.യു അടക്കമുള്ള അനുബന്ധ രേഖകളും കലക്ടർ കേരള മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു. പദ്ധതികളും അതിലെ റിയൽ എസ്റ്റേറ്റ് മാഫിയാ ബന്ധങ്ങളും നാട്ടുകാർ മനസ്സിലാക്കിത്തുടങ്ങി. റോഡ് സർവ്വേ പ്രദേശവാസികൾ പലയിടത്തും തടഞ്ഞു.

**കുന്നുകളിടിച്ച് വയൽ നികത്തുന്ന നാലുവരി പാത**

സാധ്യതാ പഠനത്തിനും പദ്ധതി പ്രഖ്യാപനത്തിനും മുമ്പുതന്നെ ചേളന്നൂർ, കാക്കൂർ, നന്മണ്ട ഭാഗങ്ങളിലെ കുന്നുകൾ ദൂരദേശങ്ങളിലുള്ളവർ വാങ്ങിക്കൂട്ടിയിരുന്നു. പദ്ധതി പ്രഖ്യാപിച്ചപ്പോഴേക്കും കുന്നുകൾക്ക് തീ വിലയായി മാറി. കിനാലൂർ പ്രദേശത്തെ ഭൂമി വിൽപന കരാറുകൾ പൊടി പൊടിച്ചു.

വിൽബർ സ്മിത്തുകാർ തയ്യാറാക്കി വ്യവസായ വകുപ്പിന് നൽകിയ സാധ്യതാപഠനമനുസരിച്ച് 26 കിലോമീറ്റർ നീളത്തിൽ കോഴിക്കോട് നഗരത്തിനടുത്ത മാളിക്കടവിലെ 2 വരി ദേശീയ പാതയുടെ ബൈപാസിൽ നിന്ന് 4 വരിയിൽ കിനാലൂരിലേക്ക് പാതയുണ്ടാക്കണം. ഇതിൽ 24 കിലോമീറ്ററും പുതിയ പാതയാണ്. കക്കോടി, ചേളന്നൂർ, കാക്കൂർ, നന്മണ്ട, ഉണ്ണികുളം, പനങ്ങാട് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പാത 75 ശതമാനവും വയലുകളിലൂടെയാണ്. ഏകദേശം 625 ഏക്കറിൽ 17 കിലോമീറ്റർ സ്ഥലം വയലുകളും തണ്ണീർത്തടങ്ങളുമാണ്. അഞ്ച് – ആറ് മീറ്റർ ഉയരത്തിൽ മണ്ണിട്ട് നികത്തി മാത്രമേ റോഡ് വെട്ടാൻ കഴിയുകയുള്ളൂ. മഴക്കാലത്ത് വെള്ളക്കെട്ടുകളുള്ള ഈ പ്രദേശങ്ങളിൽ 1200 വീടുകളെങ്കിലും മഴക്കാലത്ത് വെള്ളത്തിനടിയിലാവും. കക്കോടിക്കടുത്ത ഭൂവിതാനം താഴ്ന്ന സ്ഥലമായ മോരിക്കരയിൽ 700 കുടുംബങ്ങളെയെങ്കിലും മാറ്റി താമസിപ്പിക്കേണ്ടിവരും. പ്രസ്തുത പ്രദേശത്ത് കുറ്റ്യാടി പദ്ധതിയിലെ അണക്കെട്ടിലെ വെള്ളം തിരിച്ചുവിടുന്ന കനാലുകൾ വന്നുചേരുന്ന സ്ഥലവും പൂനൂർ പുഴയിലെ വെള്ളം ഉയർന്നാൽ മഴക്കാലത്ത് രണ്ട്, മൂന്ന് മീറ്റർ ഉയരത്തിൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലവുമാണ്. കൂടാതെ മേൽപറഞ്ഞ പാത കടന്നുപോകുന്ന സ്ഥലങ്ങളിൽ 350 കുടുംബങ്ങളെയെങ്കിലും നേരിട്ട് കുടിയൊഴിപ്പിക്കേണ്ടിവരും. ഇതിനൊക്കെ പുറമെ നൂറുകണക്കിന് ജലവിതരണ പദ്ധതികൾ, നീർച്ചാലുകൾ, തോടുകൾ, കിണറുകൾ എന്നിവ തകരാറിലാവും. നെൽവയൽ – നീർത്തട സംരക്ഷണ നിയമം നിലനിൽക്കുന്ന ഈ സംസ്ഥാനത്ത് ഇത്രയേറെ വയലുകൾ എന്തിനുവേണ്ടി

നികത്താൻ പോകുന്നു എന്ന ചോദ്യത്തിന് 'വികസനത്തിനു വേണ്ടി ത്യാഗം' സഹിക്കണമെന്ന വാക്കാണ് മന്ത്രിയും സിപിഎമ്മിന്റെ നേതൃത്വവും നൽകുന്ന മറുപടി.

**ജനകീയ സമരസമിതികൾ രൂപമെടുക്കുന്നു**

കക്കോടിക്കടുത്ത മോരിക്കരയിൽ നിന്നു തുടങ്ങി കിനാലൂർ വരെ ജനം ഇന്ന് ജാഗ്രതയിലാണ്. മോരിക്കരയിൽ ദേവദാസ് മോരിക്കരയുടെ നേതൃത്വത്തിൽ ആരംഭിച്ച ജനകീയ സമിതിയും പിന്നീട് കിനാലൂർ വരെയുള്ള സമര സമിതികൾ ചേർന്ന് നന്മണ്ടയിലെ റിട്ടയേർഡ് അധ്യാപകൻ കെ. റഹ്മത്തുള്ള മാസ്റ്ററുടെ നേതൃത്വത്തിൽ രൂപീകരിച്ച ജനജാഗ്രതാ സമിതിയും ശക്തമായ സമരപരിപാടികളുമായി പ്രശ്നത്തെ നാടിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു.

കലക്ടറുടെ യോഗത്തിലേക്ക് വിളിക്കപ്പെട്ട ജനജാഗ്രതാസമിതിയെ ഭീഷണിയുടെ സ്വരത്തിൽ കലക്ടർ കൈകാര്യം ചെയ്തപ്പോൾ പനങ്ങാട് പഞ്ചായത്തിലെ ഇടതുമുന്നണി ഘടക കക്ഷികൾ ഒഴികെയുള്ള യു.ഡി.എഫും, ബി.ജെ.പിയും, സോളിഡാരിറ്റിയും, സമാജവാദി ജനപരിഷത്തും കൂടിച്ചേർന്നുകൊണ്ട് ജനകീയ ഐക്യവേദിയായി മാറി ജനങ്ങളുടെ സമരം ശക്തമാക്കി മാറ്റി. കോൺഗ്രസ് നേതാവ് വി.എം. സുധീരനും, സമാജവാദി ജനപരിഷത്ത് നേതാവ് അഫ്ളാത്തൂൺ, സുന്ദർലാൽ ബഹുഗുണ എന്നിവരെല്ലാം സമരസ്ഥലങ്ങൾ സന്ദർശിച്ച് സമരത്തിന് വീര്യം പകർന്നു.

2500 കോടി മുതൽ മുടക്കി 15000 പേർക്ക് പ്രത്യക്ഷമായും അത്രയും പേർക്ക് പരോക്ഷമായും തൊഴിൽ എന്ന പരസ്യവുമായി റോഡു വെട്ടാൻ നടന്ന മന്ത്രിയും, പാർട്ടിയും മലേഷ്യക്കാരനുമായി എം.ഒ.യു 2008 ൽ കാലാവധി കഴിഞ്ഞുവെന്ന വിവരം മറച്ചുവെച്ചുകൊണ്ടാണ് വീണ്ടും നാലുവരിക്കായി മുഷ്ടി ചുരുട്ടി നടന്നത്. ജനജാഗ്രതാ സമിതി മുന്നോട്ട് വെച്ച ബദൽ റോഡ് നിർദ്ദേശം അവഗണിച്ച് റിയൽ എസ്റ്റേറ്റ് താൽപര്യാർത്ഥം കുന്നുകളിടിച്ച് വയൽ നികത്താനും, ഭൂമി കച്ചവട കമ്മീഷനും ലക്ഷങ്ങളുടെ റോഡുനിർമ്മാണ കരാറുകളുമൊക്കെയായി പാർട്ടിക്കും തനിക്കും കിട്ടുന്ന വരവുകളായിരിക്കും മുഷ്ക്കിന്റെ രീതിയിൽ ജനങ്ങളെ ദ്രോഹിച്ച് റോഡുവെട്ടാൻ മന്ത്രിയും പാർട്ടിയും ഓടിനടന്നത്.

കെ.എസ്.ഐ.ഡി.സി ക്ക് കിനാലൂരിലിന്ന് അവശേഷിക്കുന്നത് 150 ഏക്കറിൽ താഴെ ഭൂമി മാത്രമാണ്. ബാക്കിയുള്ള ഭൂമി ചെരിപ്പു നിർമ്മാണക്കാർക്കും ഭക്ഷ്യസംസ്ക്കരണക്കാർക്കും കൊടുത്തതായി പ്രഖ്യാപനം നടന്നുകഴിഞ്ഞു. 150 ഏക്കറിലേക്ക് യു.എ.ഇ ക്കാരൻ വമ്പൻ പ്രോജക്ടുമായി വന്നിട്ടുണ്ടെന്ന പുതിയ കഥയാണ് മലേഷ്യക്കാരന്റെ കഥ മാറ്റി മന്ത്രി ഇപ്പോൾ പറയുന്നത്. ഇതിനുവേണ്ടി കിനാലൂർ എസ്റ്റേറ്റിലെ കർഷകരുടെ കൈവശമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കാൻ പദ്ധതിയായിട്ടുണ്ടെന്നും മന്ത്രി പറയുന്നു. 150 ഏക്രയ്ക്കുവേണ്ടി 600 ൽ അധികം ഏക്കർ നശിപ്പിക്കേണ്ടതുണ്ടോ എന്നു ചോദിച്ചാൽ കരീമും കൂട്ടരും ഇപ്പോൾ പറയുന്നത് കിനാലൂർ എസ്റ്റേറ്റിലെ കർഷകരുടെ കൈവശമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കുമെന്നാണ്.

പ്ലാച്ചിമടയുടേയും, ചാലിയാറിന്റെയും അനുഭവങ്ങളിൽ നിന്ന് മണ്ണും വെള്ളവും ആവാസവും തകർക്കുന്ന ഒരു പ്രകൃതി വിരുദ്ധ വ്യവസായശാലക്കെതിരെയുള്ള സമരമായിക്കൂടി കിനാലൂർ സമരം വികസിപ്പിക്കേണ്ടിവരുമോ എന്ന ആശങ്കകൂടി നാട്ടുകാർക്ക് ഇപ്പോൾ ഉണ്ട്. ചെരുപ്പു കമ്പനികളും മറ്റും ലോകം മുഴുവനുമുണ്ടാക്കിയ പരിസ്ഥിതി പ്രശ്നങ്ങളിൽ നിന്ന് പഠിക്കുന്ന പാഠം അതാണ്.

കേരളത്തിലെ ജനകീയ സമര ചരിത്രത്തിലേക്ക് കയറിവന്ന കിനാലൂർ സമര മുഖത്ത് ജനജാഗ്രതാ സമിതിയുടെയും, ജനകീയ ഐക്യ വേദിയുടെയും കീഴിൽ കുടിയിറക്കപ്പെടുന്ന ജനത ഒറ്റക്കെട്ടായി തന്നെ നിലയുറപ്പിച്ചിരിക്കുകയാണ്. പുരുഷൻമാരെക്കാൾ ഒരു പടി കൂടി മുമ്പിൽ നിന്നുകൊണ്ട് സ്ത്രീകൾ പറയുന്നത് ഞങ്ങൾ സമരത്തിന്റെ മുമ്പിലുണ്ടാവും, നിങ്ങൾ പിന്നിലുണ്ടാവണമെന്നാണ്. ഇനിയും കുടിയിറക്ക് ഭീഷണി വന്നാൽ ഒരങ്കത്തിന് തയ്യാറെടുത്ത് നിൽക്കുകയാണ് മെയ് 6 ന്റെ സമരത്തിന് പങ്കെടുത്തതിന് വധശ്രമ കേസിന്റെ നിഴലിലുള്ള ഇന്ദുവും, കച്ചേരി സുലൈഖയും ആമിനയും റഹ്മത്തുള്ള മാസ്റ്ററും നിജേഷ് അരവിന്ദും ദേവദാസ് മോരിക്കരയും രവി നരിക്കുനിയും ഷംസുദ്ദീനും സി.കെ. ബാലകൃഷ്ണനും ബഷീർ എഴികണ്ടിയും, ഉണ്ണികൃഷ്ണൻ നമ്പൂതിരിയും അബ്ദുള്ള മാസ്റ്ററും എല്ലാമടങ്ങുന്ന സമര പ്രവർത്തകർ.

***ബന്ധങ്ങൾക്ക്: റഹ്മത്തുള്ള മാസ്റ്റർ : 9446373816, സുരേഷ് നരിക്കുനി : 9496296440, 0496-2640210***

books
magazines
periodicals

Byword
BOOKS

marva plaza, machingal lane
m.g. road, thrissur
Tel. : 0487 3256689,
Mob : 9847764577

for rare and new books